തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

വാക്കാട്, മലപ്പുറം - 676 502

# നിർവാഹകസമിതി
# അമ്പത്തിയഞ്ചാമത് യോഗതീരുമാനങ്ങൾ

**2022 മേയ് 28 ശനിയാഴ്ച, രാവിലെ 10.30 ന്**

**പങ്കെടുത്തവർ:**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ശ്രീ അനിൽകുമാർ വി.എസ്. (അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യസ വകുപ്പ്)
3. ശ്രീമതി നിതാകുമാരി (സ്പെഷ്യൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
4. ശ്രീ പ്രസാദ് ആർ (സെക്ഷൻ ഓഫീസർ, സാംസ്കാരികകാര്യ (സി) വകുപ്പ്)
5. ഡോ. സി. രാജേന്ദ്രൻ (ഗൂഗിൾമീറ്റ് വഴി)
6. ഡോ. വി. ലിസ്സി മാത്യു (ഗൂഗിൾമീറ്റ് വഴി)
7. ഡോ. കെ.കെ.എൻ. കുറുപ്പ് (ഗൂഗിൾമീറ്റ് വഴി)

ഡോ. റെജിമോൻ പി.എം. (രജിസ്ട്രാർ ഇൻ ചാർജ്) യോഗത്തിൽ സന്നിഹിതനായിരുന്നു.

യോഗം രാവിലെ 11 മണിക്ക് ആരംഭിച്ചു. യോഗനടപടികളിലേക്ക് കടക്കുന്നതിന് മുമ്പായി കഴിഞ്ഞ 3 വർഷമായി നിർവാഹകസമിതി അംഗമെന്ന നിലയിൽ ഫിനാൻസ് സെക്രട്ടറിക്കുവേണ്ടി യോഗങ്ങളിൽ പങ്കെടുത്ത്, സർവകലാശാലയുടെ എല്ലാ പ്രവർത്തനങ്ങളിലും ഭാഗഭാക്കായി മെയ് 31 ന് സർവീസിൽ നിന്നും വിരമിക്കുന്ന ഫിനാൻസ് വിഭാഗം അഡീഷണൽ സെക്രട്ടറി ശ്രീ ഫെറോൾഡ് സേവ്യർ നൽകിയിട്ടുള്ള സേവനങ്ങളെ വിലയിരുത്തി യോഗാദ്ധ്യക്ഷനായ വൈസ് ചാൻസലർ സംസാരിച്ചു. തുടർന്ന് രജിസ്ട്രാർ ഇൻ ചാർജും മറ്റ് അംഗങ്ങളും സംസാരിക്കുകയുണ്ടായി. യോഗം അദ്ദേഹത്തിന് സമുചിതമായ യാത്രയയപ്പ് നൽകി. സർവകലാശാല നൽകിയ യാത്രയയപ്പിന് ഓൺലൈനായി പങ്കെടുത്ത ശ്രീ ഫെറോൾഡ് സേവ്യർ നന്ദി പ്രകാശിപ്പിച്ചു. ഡോ. സി. രാജേന്ദ്രൻ നിർവാഹകസമിതിക്കുവേണ്ടി പൊതുവായി നന്ദി രേഖപ്പെടുത്തി.

തുടർന്ന്, നിർവാഹകസമിതി യോഗത്തിൽ സന്നിഹിതരായിട്ടുള്ള ഫിനാൻസ് സ്പെഷ്യൽ സെക്രട്ടറി ശ്രീമതി നിതാകുമാരി, ഉന്നതവിദ്യാഭ്യാസവകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ അനിൽകുമാർ, സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറിക്ക് വേണ്ടി യോഗത്തിൽ പങ്കെടുത്ത ശ്രീ പ്രസാദ് ആർ. എന്നിവരടക്കം യോഗത്തിൽ പങ്കെടുത്ത മുഴുവൻ അംഗങ്ങളെയും വൈസ് ചാൻസലർ സ്വാഗതം ചെയ്തു. തുടർന്ന്, അജണ്ടയിലെ ഇനങ്ങൾ അവതരിപ്പിക്കുന്നതിനായി അദ്ധ്യക്ഷൻ രജിസ്ട്രാർ ഇൻ ചാർജ് ഡോ. പി.എം. റെജിമോനെ ക്ഷണിച്ചു.

## തീരുമാനങ്ങൾ

ഇനം നമ്പർ: **2022.50**

വിഷയം: **നിർവാഹകസമിതിയുടെ അമ്പത്തിനാലാമത് യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിക്കുന്നതു സംബന്ധിച്ച്**

തീരുമാനം: നിർവാഹകസമിതിയുടെ 54-ാമത് യോഗതീരുമാനങ്ങൾ സ്ഥിരീകരിച്ചു.

ഇനം നമ്പർ: **2022.51**

വിഷയം: **മുൻതീരുമാനങ്ങളിലെ തുടർനടപടികൾ**

തീരുമാനം: അംഗീകരിച്ചു.

ഇനം നമ്പർ: **2022.52**

വിഷയം: **വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം: റിപ്പോർട്ട് അംഗീകരിച്ചു.

ഇനം നമ്പർ: **2022.53**

വിഷയം: **2021-22 സാമ്പത്തിക വർഷത്തെ കണക്കുകൾ അവതരിപ്പിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: 2021-22 സാമ്പത്തിക വർഷത്തെ കണക്കുകൾ അംഗീകരിച്ചു.

(2832/2019/ധനകാര്യം - ഫിനാൻസ്‌വിഭാഗം)

ഇനം നമ്പർ: **2022.54**

വിഷയം: **പൊതുസഭയിലും നിർവാഹകസമിതിയിലും പങ്കെടുക്കുന്ന സർക്കാർ പ്രതിനിധികൾ / അദ്ധ്യാപകർ എന്നിവരുടെ സിറ്റിങ് ഫീ /യാത്രാപടി എന്നിവ പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: ധനകാര്യകമ്മിറ്റിയുടെ ശുപാർശകൾ യോഗം ചർച്ച ചെയ്ത് അംഗീകരിച്ചു. **(അനുബന്ധം - 1)**

(1775/എ1/അക്കൗണ്ട്സ്/2021 - ഫിനാൻസ്‌വിഭാഗം)

ഇനം നമ്പർ: **2022.55**

വിഷയം: **അദ്ധ്യാപകർക്ക് ലാപ്ടോപ്പ് / കമ്പ്യൂട്ടർ വാങ്ങുമ്പോൾ പലിശ രഹിത മുൻകൂർ വായ്പ അനുവദിച്ചത് നിർവാഹക സമിതിയിൽ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: അദ്ധ്യാപകർക്ക് ലാപ്ടോപ്പ് / കമ്പ്യൂട്ടർ വാങ്ങുവാൻ വായ്പ അനുവദിച്ച് വൈസ് ചാൻസലർ പുറപ്പെടുവിച്ച ഉത്തരവ് യോഗം അംഗീകരിച്ചു. അതോടൊപ്പം വായ്പകൾ അനുവദിക്കുന്നതിന് ധനകാര്യകമ്മിറ്റി നിർദ്ദേശിച്ച താഴെ വിവരിക്കുന്ന അഞ്ച് നിബന്ധനകളടങ്ങിയ റിപ്പോർട്ട് ചർച്ച ചെയ്ത് അംഗീകരിച്ചു.

1) ലാപ്ടോപ്പ് വാങ്ങുന്നതിനായി ഒരാൾക്ക് പരമാവധി 50,000/- രൂപയോ ലാപ്ടോപ്പിന്റെ യഥാർത്ഥ വിലയോ ഏതാണോ കുറവ് ആ തുക അനുവദിക്കുന്നതാണ്. ഈ തുക 20 തുല്യ പ്രതിമാസ തവണകളായി ശമ്പളത്തിൽ നിന്ന് തിരിച്ചു പിടിക്കേണ്ടതാണ്.

2) ഈ പദ്ധതി മലയാളസർവകലാശാലയിലെ സ്ഥിരാടിസ്ഥാനത്തിൽ നിയമിതരായ അദ്ധ്യാപകർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. ഓരോ വർഷവും ഈ പദ്ധതിക്കായി നിശ്ചിത തുക നീക്കിവെക്കുന്നതും തുകയുടെ ലഭ്യതയ്ക്കനുസരിച്ച് ആദ്യം അപേക്ഷിച്ചവർക്ക് ആദ്യം എന്ന ക്രമത്തിൽ വായ്പ അനുവദിക്കുന്നതുമാണ്.

3) ലാപ്ടോപ്പ് വാങ്ങിയശേഷം പർച്ചേയ്സ് വിഭാഗത്തിൽ ബിൽ ഹാജരാക്കിയാൽ തുക ഡീലർക്ക് ഓഫീസിൽ നിന്ന് നേരിട്ടു നൽകുന്നതാണ്.

4) ലാപ്ടോപ്പ് വാങ്ങുന്നതിന് പലിശ രഹിത വായ്പാ പദ്ധതി ആനുകൂല്യം സ്വീകരിക്കുന്നവർ തിരിച്ചടവ് സംബന്ധമായ സമ്മതപത്രം നൽകണം.

5) ഈ പദ്ധതി പ്രകാരം ലാപ്ടോപ്പ്/കംപ്യൂട്ടർ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർ രജിസ്ട്രാർ ഓഫീസിലെ പർച്ചേയ്സ് വിഭാഗത്തിൽ അപേക്ഷ നൽകേണ്ടതാണ്.

(1195/2021/എ1/അക്കൗണ്ട്സ് - ഫിനാൻസ്വിഭാഗം)

* ഇനം നമ്പർ: **2022.56**

വിഷയം: **സർവകലാശാലാ പ്രസിദ്ധീകരണവിഭാഗം പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ ഓൺലൈൻ വിൽപനക്കായി പ്രത്യേക അക്കൗണ്ട് ഹെഡും സർവകലാശാല വെബ്സൈറ്റിൽ ലിങ്കും ഉണ്ടാക്കുന്നത് സംബന്ധിച്ച്**

തീരുമാനം: സർവകലാശാലാ പ്രസിദ്ധീകരണവിഭാഗം പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ ഓൺലൈൻ വിൽപനക്കായി പ്രത്യേക അക്കൗണ്ട് ഹെഡും സർവകലാശാല വെബ്സൈറ്റിൽ ലിങ്കും ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ യോഗം അംഗീകരിച്ചു.

മലയാളസർവകലാശാല ഓൺലൈൻ പുസ്തകവിൽപ്പനക്കായി സാഹിത്യ അക്കാദമി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പഠിച്ച് അവർ ആരംഭിച്ചിട്ടുള്ള വെബ്സൈറ്റ് പരിശോധിച്ച്, അതിൽ എന്തെങ്കിലും ന്യൂനതകൾ ഉണ്ടെങ്കിൽ അവ പരിഹരിച്ച് മലയാളസർവകലാശാലയുടെ വെബ്സൈറ്റിൽ പുസ്തകവിൽപ്പന ലിങ്കും അക്കൗണ്ട് ഹെഡ്ഡും ക്രമപ്പെടുത്തി പുസ്തകങ്ങളുടെ ഓൺലൈൻ വിൽപന ആരംഭിക്കാവുന്നതാണ്. ലിങ്കും അക്കൗണ്ട് ഹെഡ്ഡും ഓൺലൈൻ കാറ്റലോഗിന്റെ സൃഷ്ടിയുമെല്ലാം നല്ല നിലയിൽ പ്രസിദ്ധി നൽകി ആരംഭിക്കേണ്ടതാണെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു. സാഹിത്യ അക്കാദമിയുടെ പ്രവർത്തനങ്ങൾ പഠിക്കാൻ പബ്ലിക്കേഷൻ ഓഫീസറായ ഡോ. എ.ജി. ശ്രീകുമാറിനെ യോഗം ചുമതലപ്പെടുത്തി.

പുസ്തകങ്ങളുടെ പ്രൂഫ് റീഡ് ചെയ്യുന്നതിനായി 'പഠനത്തോടൊപ്പം ജോലി' എന്നതിന്റെ സാദ്ധ്യത പരിശോധിക്കാവുന്നതുമാണ്. ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള അനുബന്ധ വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിന് യോഗം വൈസ് ചാൻസലറെ അധികാരപ്പെടുത്തി.

(1358/ഒ.ബു.വി./2022/പ്രസി - പ്രസിദ്ധീകരണവിഭാഗം )

ഇനം നമ്പർ: **2022.57**

വിഷയം: **മലയാളസർവകലാശാലയിൽ നിലവിലുള്ള ഗവേഷണചട്ടത്തിൽ (2019) കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടി അക്കാദമിക് കൗൺസിലിന്റെ തീരുമാനപ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ച് ചട്ടങ്ങൾ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.**

തീരുമാനം: കുറിപ്പിൽ വിവരിച്ചിട്ടുള്ള അഭിപ്രായങ്ങൾക്കൊപ്പം ഡോ. കെ. സച്ചിദാനന്ദൻ, ഡോ. ജെ. പ്രസാദ് എന്നിവർ കരട് 'ഗവേഷണച്ചട്ടം 2022' നന്നായിട്ടുണ്ടെന്ന് അഭിപ്രായപ്പെട്ട കാര്യം കൂടി വൈസ് ചാൻസലർ യോഗത്തിൽ അവതരിപ്പിച്ചു.

ഡോ. സി. രാജേന്ദ്രൻ, ഡോ. ലിസ്സി മാത്യു, ഡോ. കെ.എം. അനിൽ എന്നിവരടങ്ങിയ കമ്മിറ്റി കരട് 'ഗവേഷണച്ചട്ടം 2022' ന് ലഭിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കൂടി പരിഗണിച്ച് ചട്ടത്തിന് അന്തിമരൂപം നൽകുന്നതിനാവശ്യമായ ചർച്ച നടത്തണമെന്നും തീരുമാനിച്ചു. ആയതിൽ ഉചിതമായ തീരുമാനം എടുത്ത് 'ഗവേഷണച്ചട്ടം - 2022' ന്റെ അന്തിമരൂപത്തിന് അംഗീകാരം നൽകുവാൻ യോഗം വൈസ് ചാൻസലറെ അധികാരപ്പെടുത്തി.

(2837/എ4/2019/അക്കാദമികം - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.58**

വിഷയം: **കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർ സർക്കാരിന് സമർപ്പിച്ച നിവേദനം പരിഗണിച്ച് മറുപടി നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: 2012 നവംബർ 1 ന് പ്രവർത്തനം ആരംഭിച്ച തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയുടെ ദൈനംദിന ഭരണനിർവഹണാർത്ഥമാണ് നിവേദനത്തിൽ ഒപ്പുവെച്ചിട്ടുള്ള 29 ജീവനക്കാരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളത്. സർവകലാശാലയുടെ ദൈനംദിന ഭരണനിർവഹണത്തിന് ആവശ്യമായത്ര വിവിധ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള മുൻകൂർ അനുമതിക്കായി സർവകലാശാല നിരന്തരമായി സർക്കാരുമായി കത്തിടപാടുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ ഒരു അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുവാൻ മാത്രമാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. അപ്രകാരം സർവകലാശാല സൃഷ്ടിച്ച തസ്തികയിലാണ് സർക്കാർ നിർദ്ദേശാനുസരണം ആശ്രിതനിയമനത്തിനുള്ള പരിഗണന നൽകി ശ്രീമതി സി. ജസീലയെ നിയമിച്ചിട്ടുള്ളത്. 2012 ഡിസംബർ 1 മുതൽ വിവിധ കാലയളവിലായിട്ടാണ് 29 ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. സർവകലാശാലയുടെ ആരംഭകാലം തൊട്ട് നിയോഗിക്കപ്പെട്ടിട്ടുള്ള ഈ ജീവനക്കാരെ സ്ഥിരം നിയമനം വരെ തുടരാൻ അനുമതി നൽകി മുൻ വൈസ് ചാൻസലർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പിന്നീട്, 2020 മാർച്ച് 21 ന് ചേർന്ന നിർവാഹകസമിതിയുടെ (ഇനം നമ്പർ: 4/42) തീരുമാനപ്രകാരം കരാർ ഒപ്പ് വെച്ച് വർഷാവർഷം അത് പുതുക്കി അവർ സേവനത്തിൽ തുടരുകയുമാണ്. ഇപ്പോൾ കരാർ വ്യവസ്ഥയിൽ സർവകലാശാലയിൽ ജോലി ചെയ്തുവരുന്ന 29 പേരും സർവകലാശാല പാറ്റേണിലുള്ള തസ്തികകൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതയുള്ളവരാണെങ്കിലും, തുച്ഛമായ വേതനം പറ്റിയാണ് അവർ ഇവിടെ ജോലി ചെയ്തു വരുന്നത്. സ്ഥിര തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി. മുഖാന്തിരം നിയമനം നടത്തുവാൻ പറ്റാതായ സാഹചര്യത്തിലാണ് ഇവരെ കരാർ

വ്യവസ്ഥയിൽ തുടരുവാനും അതുവഴി ഭരണനിർവഹണം നടത്തുവാനും സാധിക്കുന്നത്.

മേൽ വിവരിച്ചിട്ടുള്ള വസ്തുതകളും നിവേദനത്തിലൂടെ കരാർ ജീവനക്കാർ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളും കണക്കിലെടുത്ത് സർവകലാശാലയുടെ ആരംഭകാലം തൊട്ട് മലയാളസർവകലാശാലയുടെ ഭരണനിർവഹണത്തിനും വളർച്ചക്കും വേണ്ടി ത്യാഗമനസ്കതയോടെ ജോലി ചെയ്തുവരുന്ന കരാർ ജീവനക്കാരെ റെഗുലറൈസ് ചെയ്ത് നിയമനം നൽകുന്ന കാര്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കണമെന്നും അതിനുവേണ്ടി സർവകലാശാല ആവശ്യപ്പെട്ട പ്രകാരം ആവശ്യമായത്ര തസ്തികകൾ അനുവദിക്കേണ്ടതുണ്ടെന്നും നിർവാഹകസമിതി അഭിപ്രായപ്പെട്ടു. അത്തരത്തിൽ നിയമനം ക്രമീകരിക്കുന്നതിന് നിയമപരമോ സാങ്കേതികമോ ആയ തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ അനുവദിച്ചതുപോലെ മലയാളസർവകലാശാല ആവശ്യപ്പെട്ടപ്രകാരമുള്ള മിനിമം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള അനുവാദം നൽകി മലയാള സർവകലാശാലയിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നവരെ അർഹതയുടെയും സേവനദൈർഘ്യത്തിന്റെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ സെലക്ഷൻ നടപടികൾ പാലിച്ച്, മാനുഷികപരിഗണന നൽകി പ്രസ്തുത തസ്തികകളിൽ കരാർ വ്യവസ്ഥയിൽ അവരെ ക്രമീകരിച്ച് നിയമിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണെന്ന് ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പിനെ അറിയിക്കേണ്ടതാണ്.

(136/എ6/2022/അഡ്മിൻ - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.59**

വിഷയം: **ഭാഷാശാസ്ത്രവിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ. എം. സന്തോഷിനെതിരെ വിദ്യാർത്ഥികൾ സമർപ്പിച്ച പരാതിയിൽ ഡോ. ലിസി മാത്യു കമ്മീഷൻ സമർപ്പിച്ച അന്വേഷണറിപ്പോർട്ട് പരിഗണിച്ച് തീരുമാനം എടുക്കുന്നത് സംബന്ധിച്ച്**

തീരുമാനം: ഡോ. ലിസ്സി മാത്യു സമർപ്പിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിഷയം ഇന്റേണൽ കംപ്ലെയിന്റ് സെല്ലിന്റെ (ഐ.സി.സി.) പരിഗണനക്ക് വിടുവാനും പ്രസ്തുത പരാതിയിൽ അന്തിമ തീരുമാനമുണ്ടാകുന്നതു വരെ ഡോ. എം. സന്തോഷിനെ മലയാളസർവകലാശാല സേവനത്തിൽ നിന്നു മാറ്റി നിർത്താനും തീരുമാനിച്ചു.

(3427/എ.എ.ഒ./2021 - ഭരണവിഭാഗം)

ഇനം നമ്പർ: **2022.60**

വിഷയം: **സുരക്ഷാ ജീവനക്കാർക്ക് 09.07.2019 ലെ സ.ഉ. (അച്ചടി) നം. 81/2019/ധന. നമ്പർ സർക്കാർ ഉത്തരവിൽ നിശ്ചയിച്ച സഞ്ചിത വേതനം നൽകികൊണ്ടുള്ള വൈസ് ചാൻസലറുടെ തീരുമാനം റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: റിപ്പോർട്ട് അംഗീകരിച്ചു.

(1967/എ1/2021/അഡ്മിൻ - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.61**

വിഷയം: **മലയാളംമിഷന്റെ ആവശ്യം കണക്കിലെടുത്ത് ഡിപ്ലോമ / സർട്ടിഫിക്കറ്റ് കോഴ്സുകളുടെ ക്ലാസുകൾ എടുക്കുന്ന മലയാളംമിഷന്റെ അദ്ധ്യാപകർക്ക് ഇൻ-സർവീസ് കോഴ്സുകൾ നടത്തുന്നത് പരിഗണിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: ഈ വിഷയം സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. സി. രാജേന്ദ്രൻ, ഡോ. അശോക് ഡിക്രൂസ് (കൺവീനർ), ഡോ. കെ.എം. അനിൽ എന്നിവരടങ്ങിയ കമ്മിറ്റിയെ ചുമതലപ്പെടുത്തി.

(1823/എ1/2021/അഡ്മിൻ - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.62**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ സ്ഥാപിക്കുന്ന വള്ളത്തോൾ ചെയറിന്റെ സ്ഥാപനവും ചെയറുകളുടെ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശക ചട്ടങ്ങളും രൂപീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: മഹാകവി വള്ളത്തോളിന്റെ നാമധേയത്തിൽ മലയാളസർവകലാശാലയിൽ സ്ഥാപിക്കുന്ന ചെയറിന്റെ പ്രവർത്തനത്തിനുള്ള ബൈലോയും മാർഗ്ഗനിർദ്ദേശകതത്വങ്ങളും യോഗം അംഗീകരിച്ചു.

വള്ളത്തോളിന്റെ ഛായാചിത്രം വരച്ച് സർവകലാശാലയിൽ പ്രദർശിപ്പിക്കണമെന്നും അതിന്റെ ചുവട്ടിൽ വള്ളത്തോളിന്റെ പ്രസക്തമായ വരികൾ ആലേഖനം ചെയ്യണമെന്നും തീരുമാനിച്ചു.

(1124/വള്ളത്തോൾ ചെയർ/2022 - വിസി കാര്യാലയം)

ഇനം നമ്പർ: **2022.63**

വിഷയം: **ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സെനറ്റിലേക്ക് വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം നടത്തിയ നാമനിർദ്ദേശം സംബന്ധിച്ചുള്ള റിപ്പോർട്ട്**

തീരുമാനം: ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സെനറ്റിലേക്ക് മലയാളസർവകലാശാലയുടെ പ്രതിനിധിയായി ശ്രീ വി. സ്റ്റാലിനെ നാമനിർദ്ദേശം ചെയ്ത വൈസ് ചാൻസലറുടെ നടപടി യോഗം അംഗീകരിച്ചു.

(3329/Confidential/R.i/c/2021 - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.64**

വിഷയം: **ധനകാര്യകമ്മിറ്റിയുടെ ശുപാർശകൾ പരിഗണിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: ധനകാര്യകമ്മിറ്റിയുടെ ശുപാർശകളടങ്ങിയ റിപ്പോർട്ട് അംഗീകരിച്ചു. **(അനുബന്ധം - 1)**

(324/2019/ഫിൻ - ഫിനാൻസ് വിഭാഗം)

* ഇനം നമ്പർ: **2022.65**

വിഷയം: **തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി രംഗശാല, ചിത്രശാല, ഓപ്പൺ എയർ തീയേറ്റർ എന്നിവക്ക് വാടക ഈടാക്കുന്നതും ലൈബ്രറിയിൽ മുൻകരുതൽ നിക്ഷേപവും വരിസംഖ്യയും ഈടാക്കി അംഗത്വം അനുവദിക്കുന്നതും സംബന്ധിച്ച്**

തീരുമാനം: നിർദ്ദേശങ്ങൾ അംഗീകരിച്ചു.

| | |
|---|---|
| രംഗശാല | - 5000/- രൂപ (ഒരു ദിവസം) |
| ചിത്രശാല | - 2000/- രൂപ (ഒരു ദിവസം) |
| കാമ്പസ് പരിസരം ഷൂട്ടിംഗിന് അനുവദിക്കുന്നതിന് | - 1500/- രൂപ (ഒരു ദിവസം) |
| ഓപ്പൺ എയർ ഓഡിറ്റോറിയം | - 1500/- രൂപ (ഒരു ദിവസം) |
| ലൈബ്രറി പൊതുജനങ്ങൾക്ക് (മെമ്പർഷിപ്പ്) | - 250/- രൂപ |
| (കോഷൻ ഡെപ്പോസിറ്റ്) | - 1000/- രൂപ |

ലൈബ്രറി അംഗത്വത്തിന് അപേക്ഷിക്കുന്നവരുടെ ചുരുങ്ങിയ വിദ്യാഭ്യാസ യോഗ്യത ബിരുദമായി നിശ്ചയിച്ചു.

(133/2021/ഫിൻ - ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2022.66**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ വ്യക്തികളും സ്ഥാപനങ്ങളും 2015 മുതൽ വിവിധ ക്വട്ടേഷനുകളോടൊപ്പം നൽകിയ നിരതദ്രവ്യം തിരികെ ആവശ്യപ്പെടാത്തതിനാൽ സർവകലാശാലാ ഫണ്ടിലേക്ക് മുതൽ കൂട്ടാൻ വേണ്ടിയുള്ള 12.05.2022 ലെ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറി നിർദ്ദേശത്തിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച്**

തീരുമാനം: ഓഡിറ്റ് നിർദ്ദേശം അംഗീകരിച്ചു.

(50/2022/ഫിൻ - ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2022.67**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല സ്റ്റാറ്റ്യൂട്ട് അദ്ധ്യായം 6 ൽ 5 (XII) വകുപ്പ് പ്രകാരം, ഗസ്റ്റ് ഹൗസ് കെയർ ടേക്കറായിരുന്ന ശ്രീ കെ. വിശ്വനാഥൻ, 22.04.2016 ന് വാങ്ങിയ മുൻകൂർ തുകയായ 1,000/- രൂപ എഴുതിതള്ളാനുള്ള നിർദ്ദേശത്തിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച്**

തീരുമാനം: ഗസ്റ്റ് ഹൗസ് കെയർ ടേക്കറായിരുന്ന ശ്രീ കെ. വിശ്വനാഥൻ, 22.04.2016 ന് വാങ്ങിയ മുൻകൂർ തുകയായ 1,000/- രൂപ നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ച് എഴുതിത്തള്ളാൻ തീരുമാനിച്ചു. ഇക്കാര്യം ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.

(2465/2021/ഓഡിറ്റ്/അക്കൗണ്ട്സ് - ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2022.68**

വിഷയം: **നിലവിലുള്ള സർവകലാശാലാ ഫീസ് നിരക്കിൽ സർക്കാർ ഉത്തരവ് (സ.ഉ. (അച്ചടി) നം. 28/2019/ധന, തീയതി 08.03.2019) പ്രകാരമുള്ള വർദ്ധനവ് വരുത്തിയ വൈസ് ചാൻസലറുടെ നടപടി നിർവാഹകസമിതിയുടെ മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: നിലവിലുള്ള സർവകലാശാലാ ഫീസ് നിരക്കിൽ ഓരോ വർഷവും 5% വർദ്ധനവ് വരുത്തുവാനുള്ള സർക്കാർ ഉത്തരവ് (സ.ഉ. (അച്ചടി) നം. 28/2019/ധന, തീയതി 08.03.2019) നടപ്പിലാക്കിയ വൈസ് ചാൻസലറുടെ നടപടി നിർവാഹകസമിതി അംഗീകരിച്ചു.

(04/2019/ജനറൽ പ.വി. - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.69**

വിഷയം: **2022–23 അക്കാദമിക് വർഷത്തെ ബിരുദാനന്തരബിരുദ പ്രവേശനത്തിനുള്ള നോട്ടിഫിക്കേഷനിൽ 50 മാർക്ക് ഒബ്ജക്ടീവും 50 ഡിസ്ക്രിപ്റ്റീവും ആക്കി തിരുത്തണമെന്ന നിർദ്ദേശം നിർവാഹകസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു.**

തീരുമാനം: 2022–23 അക്കാദമിക് വർഷത്തെ ബിരുദാനന്തരബിരുദ പ്രവേശനത്തിനുള്ള നോട്ടിഫിക്കേഷനിൽ 50% മാർക്ക് ഒബ്ജക്ടീവും 50% മാർക്ക് വിവരണാത്മകവുമാണെന്ന് കാണിച്ച് തിരുത്തൽ നൽകേണ്ടതാണ്.

(125/2019/പ.വി. - പരീക്ഷാവിഭാഗം)

യോഗം ഉച്ചക്ക് 1 മണിക്ക് അവസാനിച്ചു.

രജിസ്ട്രാർ ഇൻ ചാർജ്